# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **4404** — 13/11/2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.വി. വിജയദാസ് :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് 2019 സെപ്റ്റംബർ 30 വരെ എത്ര തുക ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ; | **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ 30 വരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 45118 പേർക്ക് ആകെ **9,03,18,509/-** (ഒൻപത് കോടി മൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| **(ബി)** | ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | **(ബി)** | സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ എന്നിവിടങ്ങളിലെ സൗജന്യ ചികിത്സയ്ക്ക് പരിധി ബാധകമാക്കിയിട്ടില്ല. എന്നാൽ ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപയാണ് ചികിത്സാ ധനസഹായമായി അനുവദിക്കുന്നത്. ടി പരിധി ഉയർത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ